(ജി) ഇതിനുള്ള നടപടികൾ ജലസേചന വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

(എച്ച്) നഗരത്തിലെ വെള്ളപ്പൊക്ക നിവാരണ പദ്ധതിയിൽപ്പെടുത്തി ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

72 (468) വേനൽക്കാലത്തെ കുടിവെള്ളക്ഷാമം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാലത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ ഉപകരിക്കുന്ന സ്ഥിരം സംവിധാനം ഏർപ്പെടുത്താനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) നിലവിൽ അത്തരത്തിലുള്ള ചെറുതോ വലുതോ ആയ ഏതെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) വേനൽക്കാലം ഉൾപ്പെടെ എല്ലാക്കാലത്തും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള സ്ഥായിയായ സംവിധാനങ്ങളാണ് ജല അതോറിറ്റി പ്രധാനമായും ഏറ്റെടുത്തു നടത്തിവരുന്നത്. എന്നാൽ സാമ്പത്തിക ലഭ്യതയനുസരിച്ച് മാത്രമേ പദ്ധതികൾ ഏറ്റെടുത്തു പൂർത്തിയാക്കാൻ ആവുകയുള്ളൂ.

(ബി) സംസ്ഥാന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജല അതോറിറ്റി ഏറ്റെടുത്തു നടത്തിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

73 (469) ജലഅതോറിറ്റിയിലെ ജോലികളുടെ കരാർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി റോസമ്മാ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയിൽ എഞ്ചിനീയറിംഗ്-സംഭരണ-നിർമ്മാണ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുകൊണ്ടുണ്ടാകുന്ന ഗുണങ്ങൾ എന്തെന്ന് അറിയിക്കുമോ;

(സി) ഈ വ്യവസ്ഥയുടെ പ്രവർത്തനരീതി എന്തെന്ന് വിശദീകരിക്കുമോ;

(ഡി) ഈ വ്യവസ്ഥ നിലവിൽ വരുന്നതോടുകൂടി നാട്ടുകാരായ കരാറുകാർക്ക് ജല അതോറിറ്റിയുടെ ജോലികളുടെ കരാർ കാര്യത്തിൽ മുൻഗണന ലഭിക്കുവാൻ എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) മൂന്നു കോടിയിലധികം രൂപ മതിപ്പുചെലവും വരുന്ന പദ്ധതികളാണ് ഇ.പി.സി.എം. സംവിധാനം മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇത്തരം പദ്ധതിയുടെ ഇൻടേക്ക് മുതൽ വിതരണശൃംഖല ആരംഭിക്കുന്നതുവരെയുള്ള ഘടകങ്ങളായ ഇൻടേക്ക് വെൽ, ശുദ്ധീകരണശാല, പമ്പിംഗ്മെയിൻ, ട്രാൻസ്മിഷൻ മെയിൻ, പമ്പ് ഹൗസ്, മെക്കാനിക്കൽ ഇലക്ട്രിക്കൽ സംവിധാനങ്ങൾ എന്നിവ പൂർണ്ണമായി ഈ സംവിധാനത്തിൽ ഉൾപ്പെടുന്നു. നിലവിലുള്ള രീതിയനുസരിച്ച് ഈ ഘടകങ്ങൾ വെവ്വേറെ കോൺട്രാക്ട് മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ ഘടകങ്ങളെല്ലാം തന്നെ പരസ്പരം ബന്ധപ്പെട്ടവയാണ്. ആകയാൽ ഏതെങ്കിലും ഒരു ഘടകം കോൺട്രാക്ടറുടെ അലംഭാവം കൊണ്ടോ സാധനസാമഗ്രികളുടെ അഭാവം മൂലമോ, പൂർത്തിയാക്കാൻ കഴിയാതെ വന്നാൽ പദ്ധതിയെ മൊത്തമായി ബാധിക്കും. എന്നാൽ ഇ.പി.സി.എം. സംവിധാനം മുഖേന ഈ ബുദ്ധിമുട്ട് ഒഴിവാക്കാനാവും. പദ്ധതിയുടെ വിതരണശൃംഖല ഒഴിച്ചുള്ള എല്ലാ ഘടകങ്ങളും തെരഞ്ഞെടുത്ത ഒരു കരാറുകാരനെ ഏൽപ്പിക്കുകയും, പദ്ധതിയ്ക്ക് ആവശ്യമായ പൈപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ സാധനസാമഗ്രികളും നൽകേണ്ടത് കരാറുകാരന്റെ ചുമതലയായതുകൊണ്ട് പദ്ധതി നിശ്ചയിച്ചിട്ടുള്ള സമയത്തുതന്നെ പൂർത്തിയാക്കാൻ കഴിയും.

(സി) മേൽപ്പറഞ്ഞ ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് യോഗ്യതയുള്ള കോൺട്രാക്ടർമാരിൽനിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെക്നിക്കൽബിഡ്ഡ് പ്രകാരം തൃപ്തികരമായ കരാറുകാരുടെ പ്രൈസ് ബിഡ്ഡുകൾ മാത്രമേ തുറക്കുകയുള്ളൂ എന്നാണ് ഈ ടെണ്ടറുകളുടെ ഒരു പ്രത്യേകത. ഇ.പി.സി.എം. കരാറുവഴി പൂർത്തിയാക്കപ്പെട്ട പദ്ധതിയുടെ പ്രവർത്തനം (ഓപ്പറേഷൻ, മെയിന്റനൻസ്, റിപ്പയർസ് മുതലായവ) ഒരു വർഷത്തേക്ക് കരാറുകാരൻ തന്നെയായിരിക്കും നടത്തേണ്ടത്. അടുത്ത ഒരു വർഷത്തേയ്ക്ക് പ്രവർത്തനക്ഷമതയ്ക്ക് വാറണ്ടിയും കരാറുകാരൻ നൽകണം.

(ഡി) ടെണ്ടറുകൾ നൽകേണ്ടതിനും പറഞ്ഞിട്ടുള്ള യോഗ്യതയുള്ള കരാറുകൾക്ക് തുല്യ പരിഗണനയാണ് ലഭിക്കുന്നത്. പരിചയസമ്പന്നത ഒരു കരാറുകാരനു മാത്രമായി ലഭ്യമല്ലെങ്കിൽ പാർട്ണർഷിപ്പ് വ്യവസ്ഥയും നിബന്ധനകൾക്ക് വിധേയമായി അനുവദനീയമാണ്.

74 (470) കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി വീടുകളിലേക്ക് നൽകുന്ന ശുദ്ധജലത്തിന്റെ അളവ നിശ്ചയിക്കുന്നതിന് ഡിപ്പാർട്ടുമെന്റ് സ്ഥാപിച്ചിരിക്കുന്ന മീറ്റർ കേടുവന്നാൽ മാറ്റി സ്ഥാപിക്കുന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly